**<u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്</u>**

**സാന്നിധ്യം.ടോണി ജോൺസൺ (പൂർണ്ണ അധിക ചുമതല )**

വിഷയം:- പൊതുവിദ്യാഭ്യാസം - പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അധ്യാപകരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. 05.11.2011. തീയതിയിലെ സ.ഉ.(സാധാ)1071/2011/പ.ജ.പ.വ.വി.വ., നമ്പർ സർക്കാർ ഉത്തരവ്.
2. 22.03.2017 തീയതിയിലെ സ.ഉ.(സാധാ.)769/2017/പ.ജ.പ.വ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
3. 25.01.2012-ലെ ആർ1/77830/2011/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.
4. . 16.08.2012-ലെ ആർ1/12012/2012/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.
5. 16.10.1999 തീയതിയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഡി3/10791/99 നമ്പർ സർക്കുലർ.
6. 12.05.2026 തീയതിയിലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ SCDD/2048/2026-C1(EDN C) നമ്പർ നടപടി ഉത്തരവ്.
7. 18.05.2026 തീയതിയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ STDD/1504/2026-D4 നമ്പർ നടപടി ഉത്തരവ്.
8. 04.05.2026 തീയതിയിലെ ഈ കാര്യാലയത്തിലെ DGE/6608/2026-A2 നമ്പർ സർക്കുലർ.
9. 09.06.2026 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള DGE/6608/2026-A2 നമ്പർ നടപടി ഉത്തരവ്.
10. 27.03.2026 തീയതിയിലെ G.O.(Ms) 44/2026/GAD നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ എ2/6608/2026/ഡി.ജി.ഇ തീയതി : 21-07-2026</u>**

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏകലവ്യ/ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാമർശം (1), (2) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യുവാൻ സന്നദ്ധരായ അധ്യാപകരിൽ

നിന്നും അപേക്ഷ ക്ഷണിക്കുകയും, നിലവിലുള്ള ഒഴിവുകളിൽ സ്ഥലം മാറ്റം മുഖേന നിയമനം ലഭിക്കുന്നതിന് താൽപര്യമുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിലേയ്ക്കായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് പരാമർശം (6) പ്രകാരം രൂപീകരിച്ച കമ്മിറ്റി 26.05.2026 തീയതിയിലും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് പരാമർശം (7) പ്രകാരം രൂപീകരിച്ച കമ്മിറ്റി 29.05.2026 തീയതിയിലും അഭിമുഖം നടത്തുകയുണ്ടായി.

അഭിമുഖം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (10) പ്രകാരം റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. പരാമർശം (11) സർക്കാർ ഉത്തരവ് പ്രകാരം 2027-ലെ സെൻസസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരെ 31 മാർച്ച് 2027 വരെ നിലവിലെ പൊസിഷനിൽ നിന്ന് സ്ഥലംമാറ്റരുതെന്ന് ഉത്തരവായിട്ടുള്ളതാണ്. പരാമർശം (10) പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ തിരുവനന്തപുരം കട്ടേല ഡോ.അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ ഒന്നാം സ്ഥാനത്ത് വന്ന ശ്രീ സുബിൻ രാജ് എസ്.എസ് നും , വയനാട് നൂൽപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ ഒന്നാം സ്ഥാനത്ത് ശ്രീമതി സിന്ധു.എം.എസ് നും സെൻസസ് ഡ്യൂട്ടി ലഭിച്ചിട്ടുള്ളതായി വിദ്യാഭ്യാസ ഉപഡയറക്ടർമാർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ സുബിൻ രാജ് എസ്.എസ് , ശ്രീമതി സിന്ധു.എം.എസ് എന്നിവരുടെ നിയമനം മരവിപ്പിച്ചുകൊണ്ടും നിയമനത്തിനായി അഭിമുഖത്തിലൂടെ ശിപാർശ ചെയ്യപ്പെട്ട മറ്റ് അധ്യാപകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

സെൻസസ് ചുമതലയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ വിഷയത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നിയമനം നൽകുന്ന അധ്യാപരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl no | Name | Post | MRS | Nature of Appointment |
|---|---|---|---|---|
| 1 | Sabna Rajeev<br>GHSS<br>Kumbala Kasargod | HST<br>Social<br>Science | GMRS Keezhmad, Aluva | Transfer not Covered by IDT |

| | | | | |
|---|---|---|---|---|
| 2 | Bindhu G<br>PCN GHSS Mookkuthala, Malappuram | HST Natural Science | GMRS Keezhmad, Aluva | IDT |
| 3 | Ashik L<br>GBHSS Tirur Malappuram | HST Drawing | GMRS Peerumed, Idukki | IDT |
| 4 | Dr. Vimal Kumar P G<br>GHS Kudallur, Palakkad | HST Natural Science | GMRS Ettumanoor, Kottayam | Transfer not Covered by IDT |
| 5 | Mukesh K M<br>GHS Santhanpara Idukki | HST Hindi | MRS Vadasserikkara Pathanamthitta | Transfer not Covered by IDT |
| 6 | Shanoob V M<br>GHSS Thottada, Kannur | HST Physical Science | Govt Ashramam HS Malambuzha | Transfer not Covered by IDT |
| 7 | Ameya Rajan<br>GVHS & HSS Kulakkada Kottarakkara | HST Music | GMRS Nalloornadu, Wayanad | IDT |
| 8 | Muhammed Navas M C<br>Govt Muhammadans Boys HS Alappuzha | HST Hindi | IGMRS Nilambur, Malappuram. | Transfer not Covered by IDT |
| 9 | Siju C G<br>MRS Chalakkudy,Thrissur | HST Social Science | GMRS For Girls kasargod | Transfer not Covered by IDT |

1. ഈ ഉത്തരവിൻ പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ജില്ലയിലെ ഏറ്റവും ജൂനിയർ ആയിരിക്കുന്നതാണ്. ഇപ്രകാരമുള്ള ഡിക്ലറേഷൻ പ്രഥമാധ്യാപകൻ ടി അധ്യാപകരിൽ നിന്ന് എഴുതി വാങ്ങി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇതിനു വിപരീതമായ നിലപാട് സ്വീകരിക്കുന്ന അധ്യാപകർക്ക്

വിടുതൽ നൽകാൻ പാടില്ലാത്തതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

2. അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകർ സർക്കാർ ഉത്തരവ് (പി) നം. 42/2012/ഉ.ഭ.പ.വ. തീയതി 23/08/2012 അനുസരിച്ച് പുതിയ ജില്ലയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷൻ ആരംഭിച്ച് പൂർത്തിയാക്കേണ്ടതാണ്.

3. നിയമനം ലഭിച്ച അധ്യാപകർ നിർബന്ധമായും സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യയനം നടത്തേണ്ടതാണ്. അധ്യാപകർ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യയനം നടത്താത്ത സാഹചര്യമുണ്ടായാൽ ഹെഡ്മാസ്റ്റർ വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതും ടി അധ്യാപകരെ മറ്റൊരറിയിപ്പ് കൂടാതെ മാതൃ ജില്ലയിലേയ്ക്ക് മടക്കി അയക്കുന്നതുമായിരിക്കും.

4. ഈ നിയമനം 3 വർഷ കാലയളവിലേക്ക് മാത്രമായിട്ടുള്ളതാണ്. നിയമനം ലഭിച്ച അധ്യാപകർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മൂന്ന് വർഷക്കാലം പ്രസ്തുത സ്കൂളിൽ തന്നെ ജോലി ചെയ്യേണ്ടതാണ്. ഇതിലേയ്ക്കായി ഒരു ഡിക്ലറേഷൻ എഴുതി നൽകേണ്ടതും ആയത് പ്രധാന അധ്യാപകൻ സർവ്വീസ് ബുക്കിൽ പതിച്ച് സൂക്ഷിക്കേണ്ടതുമാണ്. ടി കാലയളവിനുശേഷം അവരെ മാതൃജില്ലയിലേക്കോ അന്തർജില്ല സ്ഥലംമാറ്റം നേടി വന്നവരെ ആ ജില്ലയിലെ തന്നെ അവരുടെ തനത് തസ്തികയിലേക്കോ മാറ്റി നിയമിക്കുന്നതാണ്.

5. നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്കുള്ളിലെ എം.ആർ.എസ്. ൽ നിയമനം ലഭിച്ച അധ്യാപകർക്കും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നിയമനം ലഭിച്ച അധ്യാപകർക്കും നിർദ്ദിഷ്ട ജില്ലയ്ക്കുള്ളിലെ പൊതുസ്ഥലംമാറ്റത്തിന് സേവനകാലം പൂർത്തിയാക്കിയതിനുശേഷം ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്നതാണ്. ഈ അധ്യാപകരെ എം.ആർ.എസ്. ൽ നിന്നും വിടുതൽ ചെയ്യുന്നതിന് പ്രധാന അധ്യാപകന് ഈ കാര്യാലയത്തിന്റെ അനുമതി ആവശ്യമാണ്.

6. എം.ആർ.എസ്. സേവന കാലാവധി പൂർത്തീകരിക്കുന്നതിനു മുമ്പ് മറ്റു സ്ഥലംമാറ്റങ്ങൾക്കോ ഡെപ്യൂട്ടേഷൻ മുഖേനയുള്ള മറ്റു നിയമനങ്ങൾക്കോ അധ്യാപകർ അപേക്ഷ നൽകാൻ പാടുള്ളതല്ല.

7. ശിക്ഷാ നടപടിയുടെ ഭാഗമായോ മറ്റെന്തെങ്കിലും കാരണത്താലോ എം.ആർ.എസ്. ൽ നിന്നും സ്ഥലം മാറ്റപ്പെടുകയാണെങ്കിൽ, ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകരെ അവർ ഏതു ജില്ലയിൽ നിന്നാണോ എം.ആർ.എസ്. ലേയ്ക്ക് സ്ഥലംമാറി വന്നത്, അതേ ജില്ലയിലേക്ക് തന്നെ മാറ്റി നിയമിക്കുന്നതും, അന്തർ ജില്ലാ സ്ഥലംമാറ്റം വഴി വന്ന അധ്യാപകരെ, അവരുടെ അന്തർജില്ലാ സ്ഥലംമാറ്റം റദ്ദ്

ചെയ്ത് മാതൃജില്ലയിലേക്ക് മടക്കി അയക്കുന്നതായിരിക്കും.

8. സ്ഥലംമാറ്റം ലഭിച്ച വന്ന അധ്യാപകരിൽ ആർക്കെങ്കിലും അവരുടെ മുൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ അന്തർജില്ലാ സ്ഥലംമാറ്റം/സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയാണെങ്കിൽ വിടുതൽ നൽകുന്നതിലേയ്ക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന് വിധേയമായി പ്രാധാനാധ്യാപകന് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

9. കാലാകാലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ എം.ആർ.എസ്. ൽ നിയമനം ലഭിച്ച അധ്യാപകർ ബാധ്യസ്ഥരാണ്.

10. സ്ഥലംമാറ്റം നൽകപ്പെട്ട അധ്യാപകരുടെ വിടുതൽ/ജോലിയിൽ പ്രവേശിക്കപ്പെട്ട തീയതി എന്നിവ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലും അറിയിക്കേണ്ടതാണ്.

11. നോട്ടിഫൈ ചെയ്ത ഒഴിവുകളിൽ ഇനിയും നികത്തപ്പെടാത്ത ഒഴിവുകൾ **(എം.സി.ആർ.റ്റി, തിരുവനന്തപുരം കട്ടേല ഡോ.അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ്, വയനാട് നൂൽപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എച്ച്.എസ്.ടി ഫിസിക്കൽ എന്നിവ ഒഴികെ**) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഉറപ്പ് വരുത്തി അടിയന്തരമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ ഈ ഉത്തരവിൻ പ്രകാരം സ്ഥലംമാറ്റം ലഭിച്ച എല്ലാ അധ്യാപകരെയും ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതാണ്. ഇപ്രകാരം ഉണ്ടാകുന്ന ഒഴിവുകളുടെ നിയമാനുസൃത വിഹിതം അടിയന്തരമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പൊതുസ്ഥലമാറ്റത്തിലൂടെ എം.ആർ.എസ്. ൽ ഉണ്ടാകുന്ന ഒഴിവുകളും, മറ്റ് ഒഴിവുകളും (എം.സി.ആർ.ടി. ഒഴികെ) പി.എസ്.സി. യ്ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്

12. ഈ ഉത്തരവിൻ പ്രകാരം നടത്തിയിരിക്കുന്ന നിയമനങ്ങൾ യാതൊരു കാരണവശാലും റദ്ദ് ചെയ്ത് നൽകുന്നതല്ല. നിയമന ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി നിശ്ചിത തീയതിയ്ക്കകം ജോലിയിൽ പ്രവേശിക്കാത്ത അധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതാണ്.

Digitally signed by
Tony Johnson
Date: 21-07-2026
16:36:14

ടോണി ജോൺസൺ
പെൻ 832043
(പാഠപുസ്തക ഓഫീസർ)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.

സ്വീകർത്താവ് :

1. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
2. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
4. ബന്ധപ്പെട്ട ജീവനക്കാർ സേവനം ചെയ്യുന്ന സ്ഥാപന മേധാവിമാർ (വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനെ)
5. ബന്ധപ്പെട്ട ജീവനക്കാർ (സ്ഥാപന മേധാവിമാർ മുഖേന)